പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2973

13.03.18 - ൽ മറുപടിക്ക്.

# മീഡിയാശ്രീ പദ്ധതി

| ചോദ്യം<br>ശ്രീ. ടി. എ. അഹമ്മദ് കബീർ | മറുപടി<br>ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
|---|---|
| (എ) കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കിയിരുന്ന മീഡിയാശ്രീ എന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ; | (എ) കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കിയിരുന്ന മീഡിയാശ്രീ എന്ന പദ്ധതിയെക്കുറിച്ച് ആക്ഷേപങ്ങൾ ഉയർന്ന സാഹചര്യത്തിൽ വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ ടി പദ്ധതി നിർത്തിവച്ചിരിക്കുകയാണ്. |
| (ബി) പ്രസ്തുത പദ്ധതിയിലൂടെ ഏതെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; | (ബി) കുടുംബശ്രീ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി തുക മാറ്റിവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടവും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനായി 434 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വീഡിയോ ഡോക്യുമെന്റേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. കുടുംബശ്രീ അംഗങ്ങൾക്ക് മാധ്യമ അവബോധവും, സ്ക്രിപ്റ്റിംഗ്, ഗവേഷണം, പ്രീ-പ്രൊഡക്ഷൻ, പോസ്റ്റ്-പ്രൊഡക്ഷൻ എന്നീ മേഖലകളിലും ക്യാമറ, എഡിറ്റിംഗ്, സൗണ്ട് റിക്കോർഡിംഗ് മുതലായ രംഗങ്ങളിലും പരിശീലനം നൽകുവാൻ തയ്യാറാക്കിയിട്ടുള്ള പദ്ധതിയിൽ നിർദ്ദേശിച്ചിരുന്ന 20 ദിവസത്തെ പരിശീലനത്തിൽ 11 ദിവസത്തെ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. |

(സി) എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; പദ്ധതി ഏറ്റെടുത്ത സ്ഥാപനവുമായുള്ള കരാർ നിലവിലുണ്ടോ;

(സി) ഡിഡി സമർപ്പിച്ച 434 പഞ്ചായത്തുകളുടെ വീഡിയോ ഡോക്യുമെന്റേഷൻ പൂർത്തിയാക്കി; 225 പഞ്ചായത്തുകൾക്ക് ഡിവിഡി നൽകിയിട്ടുണ്ട്. കൂടാതെ 86 പഞ്ചായത്തുകളുടെ വീഡിയോ ഡോക്യുമെന്റേഷൻ കൂടി പൂർത്തിയാക്കാനുണ്ട്. പ്രസ്തുത പദ്ധതിക്കായി കുടുംബശ്രീ സൗത്ത് ഏഷ്യൻ കോളേജ് ഓഫ് ജേർണലിസം-ഫിലിം-ന്യൂമീഡിയ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിരുന്നു. വീഡിയോ ഡോക്യുമെന്ററിക്ക് ടി സ്ഥാപനവുമായി തുക കൈമാറിയാൽ 40 ദിവസത്തിനകം വീഡിയോ ഡോക്യുമെന്റേഷൻ പൂർത്തീകരിച്ച് ഡിവിഡി ലഭ്യമാക്കേണ്ടതും പരിശീലനം ആരംഭിക്കുന്ന ദിവസം മുതൽ 4 മാസത്തിനകം ടി സ്ഥാപനം പരിശീലനം പൂർത്തീകരിക്കേണ്ടതുമാണ് എന്നാണ് കരാർ വ്യവസ്ഥ. നിലവിൽ പദ്ധതിയുടെ മുഴുവൻ പ്രവർത്തനങ്ങളും നിർത്തിവച്ചിരിക്കുകയാണ്.

(ഡി) മീഡിയാശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ചെലവഴിച്ച തുക ഇനം തിരിച്ച് വിശദമാക്കാമോ; എത്ര രൂപ ഇതിനോടകം നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

(ഡി) മീഡിയാശ്രീ പദ്ധതിക്കായി തിരഞ്ഞെടുത്ത സൗത്ത് ഏഷ്യൻ കോളേജ് ഓഫ് ജേർണലിസം-ഫിലിം-ന്യൂമീഡിയ എന്ന സ്ഥാപനത്തിന് നാളിതുവരെ 2,63,06250/- രൂപ നൽകിയിട്ടുണ്ട്. ഇനം തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

പഞ്ചായത്തുകളുടെ 'വീഡിയോ ഡോക്യുമെൻറേഷൻ - 2,12,06,250/- രൂപ

ഫ്രെയിംശ്രീ പരിശീലനത്തിന് - 51,00,000/- രൂപ

സെക്ഷൻ ഓഫീസർ